# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 2020 നവംബർ 18 മുതൽ നവംബർ 22 വരെ)

## കോഴിക്കോട് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.കെ.ഡി. 92/2020 | തീയ്യതി: 17/11/2020 |
|---|---|

### എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 55.1 | 33.6 – 35.0 | 24.5 – 26.4 | 69– 91 | 0-08 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 18.11.2020 | 19.11.2020 | 20.11.2020 | 21.11.2020 | 22.11.2020 |
|---|---|---|---|---|---|
| മഴ, മി.മീ | 20 | 10 | 10 | 20 | 5 |
| കൂടിയ താപനില, °C | 34 | 34 | 34 | 34 | 35 |
| കുറഞ്ഞ താപനില, °C | 26 | 26 | 26 | 26 | 26 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 93 | 93 | 93 | 93 | 93 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 69 | 69 | 69 | 69 | 69 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 8 | 2 | 4 | 8 | 8 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 320 | 50 | 320 | 270 | 250 |
| മേഘ വിന്യാസം, ഒക്റ്റ | 8 | 7 | 7 | 8 | 4 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | **കാറ്റിന്റെ വേഗത മണിക്കൂറിൽ പരമാവധി 60 കി. മീ വരെ ആയിരിക്കും.**<br>വാഴയ്ക്കും പച്ചക്കറികൾക്കും ശക്തമായ താങ്ങുകൾ നൽകുക.<br>ഇടിയോടു കൂടി ശക്തമായ മഴ പെയ്യാൻ സാധ്യതയുണ്ട്. ഉച്ചതിരിഞ്ഞുള്ള സമയങ്ങളിൽ പാടത്തു ജോലി ചെയ്യുന്നവർ ശ്രദ്ധിക്കുക. കന്നുകാലികളെ തുറന്ന സ്ഥലങ്ങളിൽ മേയാൻ വിടരുത്.<br>നെല്ല്, റബ്ബർ, കൊപ്ര എന്നിവ തുറന്ന സ്ഥലങ്ങളിൽ ആണ് ഉണക്കുന്നതെങ്കിൽ വൈകുന്നേരങ്ങളിൽ മഴനനയാത്തിടത്തേക്കു മാറ്റി വെക്കുക | | |
| നെല്ല് | വിവിധ ഘട്ടം | ഓല ചുരുട്ടിപ്പുഴു<br> | മുള്ളുള്ള കമ്പു നെല്ലോലകൾക്കിടയിലൂടെ വലിച്ച് ചുരുളുകൾ തുറക്കുക. തണൽ വീഴുന്ന സ്ഥലങ്ങളിൽ ആക്രമണം കൂടുതലായിരിക്കും. നൈട്രജൻ വളങ്ങൾ അമിതമായി ഉപയോഗികരുത്.<br>ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം 'കൊറാജെൻ' 3 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലർത്തി തളിക്കുക. |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പു ചീയൽ<br> | ജാഗ്രത പുലർത്തുക<br>മുൻകരുതലായി തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | ഇല ചീയൽ<br> | |
| പച്ചക്കറികൾ | വെള്ളരി വർഗ വിളകൾ:- കായ പിടിക്കുന്ന ഘട്ടം | കായീച്ച<br> | തോട്ടങ്ങളിൽ ഫിറമോൺ കെണികൾ സ്ഥാപിക്കുക.<br>2 മില്ലി മാലത്തിയോൺ കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഈച്ചകളെ ആകർഷിക്കുന്നതിനായി 10 ഗ്രാം ശർക്കര കൂടി ചേർത്തിളക്കി ഇലകളുടെ അടിവശങ്ങളിൽ തളിക്കുക. |
| വാഴ | വിവിധ ഘട്ടം | തടതുരപ്പൻ വണ്ട്<br> | കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക. ബ്യൂവേറിയ ബസിയാന എന്ന മിത്ര കുമിൾ 5 , 6 , 7 മാസങ്ങളിൽ ഒരു ലിറ്ററിന് 20 ഗ്രാം എന്ന തോതിൽ കലക്കി തടയിൽ തളിക്കുക.<br>കീട ബാധ ഉണ്ടായാൽ ആക്രമണത്തെ തുടർന്നുണ്ടായ ദ്വാരങ്ങളിൽ ഫിപ്രോനിൽ 0.015% (ഫിപ്രോനിൽ 5 SC, 3 മില്ലി/ ലിറ്റർ) ഒഴിച്ച് കൊടുക്കുക. |
| മാവ് | കായ പിടിക്കുന്ന ഘട്ടം | കായീച്ച<br> | രണ്ടടി ആഴത്തിൽ കുഴി ഉണ്ടാക്കി അതിൽ നിലത്തു വീണു കിടക്കുന്ന മാങ്ങകൾ ഇട്ടു മൂടുക.<br>തോട്ടങ്ങളിൽ ഫിറമോൺ കെണികൾ (@ 1 trap/15സെന്റ്സ്) സ്ഥാപിക്കുക. |

ഒപ്പ് /-

നോഡൽ ഓഫീസർ

ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി